**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2011** **11-10-2021 - ൽ മറുപടിയ്ക്ക്**

**കായംകുളം കരീലകുളങ്ങര പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കായംകുളം കരീലകുളങ്ങര പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരീലകുളങ്ങര പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് സമർപ്പിച്ച 3 കോടി രൂപയുടെ എസ്റ്റിമേറ്റിന് സ.ഉ. (സാധാ) നം.650/2021/ ആഭ്യന്തരം തീയതി 26.02.2021 പ്രകാരം ഭരണാനുമതിയും 4055-00-207-92-04 Construction of Building for New Police Station എന്ന ശീർഷകത്തിൽ നിന്നും തുക വിനിയോഗിക്കുന്നതിനുള്ള അനുമതിയും നൽകിയിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം മേൽപ്പറഞ്ഞ ശീർഷകത്തിൽ തുക നീക്കിയിരിപ്പ് ഇല്ലാത്തതിനാൽ പ്രസ്തുത നിർമ്മാണം ആരംഭിക്കാൻ സാധിച്ചില്ല. കൂടാതെ 22.06.2021 തീയതിയിലെ സ.ഉ. (സാധാ) നം.1733/2021/ആഭ്യന്തരം പ്രകാരം വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾ കേരളാ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എന്ന സ്ഥാപനത്തെയോ പൊതുമരാമത്ത് വകുപ്പിനെയോ മാത്രമേ ചുമതലപ്പെടുത്താവൂ എന്നും നിർദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കേരളാ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ നിന്നും ലഭ്യമായ 3 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതിയും, ഫണ്ടും ആവശ്യപ്പെട്ടുകൊണ്ട്സംസ്ഥാന പോലീസ് മേധാവി നൽകിയ ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | എങ്കിൽ കാരണമെന്തെന്നും നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരീലകുളങ്ങര പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് സമർപ്പിച്ച 3 കോടി രൂപയുടെ എസ്റ്റിമേറ്റിന് സ.ഉ. (സാധാ) നം.650/2021/ ആഭ്യന്തരം തീയതി 26.02.2021 പ്രകാരം ഭരണാനുമതിയും 4055-00-207-92-04 Construction of Building for New Police Station എന്ന ശീർഷകത്തിൽ നിന്നും തുക വിനിയോഗിക്കുന്നതിനുള്ള അനുമതിയും |

| | | | |
|---|---|---|---|
| | | | നൽകിയിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം മേൽപ്പറഞ്ഞ ശീർഷകത്തിൽ തുക നീക്കിയിരിപ്പ് ഇല്ലാത്തതിനാൽ പ്രസ്തുത നിർമ്മാണം ആരംഭിക്കാൻ സാധിച്ചില്ല. കൂടാതെ 22.06.2021 തീയതിയിലെ സ.ഉ. (സാധാ) നം.1733/2021/ആഭ്യന്തരം പ്രകാരം വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾ കേരളാ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എന്ന സ്ഥാപനത്തെയോ പൊതുമരാമത്ത് വകുപ്പിനെയോ മാത്രമേ ചുമതലപ്പെടുത്താവൂ എന്നും നിർദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കേരളാ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ നിന്നും ലഭ്യമായ 3 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതിയും, ഫണ്ടും ആവശ്യപ്പെട്ടുകൊണ്ട്സംസ്ഥാന പോലീസ് മേധാവി നൽകിയ ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ